**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 19 — 03.02.2020-ൽ മറുപടി നൽകേണ്ടത്.

**<u>പൊതുജനത്തെ ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥർ</u>**

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഗവൺമെന്റ് ഉദ്യോഗസ്ഥരെ സംബന്ധിച്ച് ഹൈക്കോടതി നടത്തിയ അഭിപ്രായ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ആവശ്യങ്ങളുമായി ഗവൺമെന്റ് ഓഫീസിലെത്തുന്നവരുടെ അപേക്ഷകളിന്മേൽ നിഷേധ സമീപനം സ്വീകരിച്ച് അപേക്ഷകരായ പൊതുജനത്തെ ബുദ്ധിമുട്ടിക്കുകയും നിസ്സാരവത്കരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരുടെ സമീപനത്തിൽ മാറ്റം ഉണ്ടാക്കണമെന്ന് കരുതുന്നുണ്ടോ; | (എ)<br>(ബി)<br>&<br>(സി) | വിവിധ ആവശ്യങ്ങളുമായി സർക്കാർ ഓഫീസിലെത്തുന്നവരുടെ അപേക്ഷകൾ / പരാതികൾ എന്നിവയ്ക്ക് കൈപ്പറ്റ് രസീത് നൽകിക്കൊണ്ട് അവ സമയബന്ധിതമായി തീർപ്പാക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് മാന്യമായ പരിഗണനയും പെരുമാറ്റവും ഉറപ്പാക്കുന്നതിനും കൂടാതെ വിവിധ ആവശ്യങ്ങൾക്കായി വരുന്ന മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ നിൽക്കാതെ പ്രത്യേക പരിഗണന നൽകുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളടങ്ങിയ സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ അച്ചടക്കലംഘനമായി കാണുകയും അത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നടപടികൾ കൈകൊള്ളുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇത്തരം ഉദ്യോഗസ്ഥരിൽ ഒരു വിഭാഗം പൊതുജനങ്ങളുടെ അപേക്ഷകളിന്മേൽ സാമ്പത്തികത്തിന്റെയും സ്വജനപക്ഷപാതത്തിന്റെയും മറവിൽ അപേക്ഷകരെ തരംതിരിച്ച് ലഭ്യമായ അപേക്ഷകളിൽ വിവേചനം കല്പിച്ച് തീർപ്പാക്കുന്നതിന് താൽപര്യം കാട്ടുന്നത് ഗൗരവമായി കണ്ടു നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ